ഉത്തരവാദിയാകുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിയാത്തതിനാലും ഖജനാവിൽ നഷ്ടം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനത്തിന് ചെലവാകുന്നതിനെക്കാൾ തുക ഓഡിറ്റ് ഫീ ഇനത്തിൽ സർക്കാരിന് ലഭിക്കുന്ന സാഹചര്യത്തിൽ അധിക തസ്തികകൾ അനുവദിച്ചും പുതിയ ഓഫീസുകൾ ആരംഭിച്ചും വകുപ്പ് പുനഃസംഘടന നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1993-95-ലെ എസ്റ്റിമേറ്റ് കമ്മിറ്റി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അധിക തസ്തികകൾ അനുവദിക്കുന്നതിനും വകുപ്പു പുനഃസംഘടിപ്പിക്കുന്നതിനും വേണ്ടി പഠനം നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(ബി) 27-9-1995 ലാണ് വകുപ്പ് പുനഃസംഘടനാ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചത്. അതനുസരിച്ച് പി.ആന്റ്.എ.ആർ.ഡി. വകുപ്പ് പഠനം നടത്തിയിട്ടുണ്ട്.

(സി) 1285 അധിക തസ്തികകൾ അനുവദിക്കണമെന്നാണ് പുനഃസംഘടനാ പ്രൊപ്പോസലിൽ ആവശ്യപ്പെട്ടത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽവരുന്ന സ്ഥാപനങ്ങൾ വാർഷിക കണക്കുകൾ യഥാസമയം ഹാജരാക്കാത്തതാണ് ക്രമക്കേടുകൾ കണ്ടുപിടിക്കാതെ പോകുവാനുള്ള പ്രധാന കാരണം.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി രൂപീകരിക്കുന്ന ഓഡിറ്റ് കമ്മീഷന്റെ ഘടനയും നടപടിക്രമങ്ങളും പൂർത്തിയായതിനുശേഷം വകുപ്പിന്റെ പുന:സംഘടനയെക്കുറിച്ച് ചിന്തിക്കുന്നതാണ്.

തസ്തിക നിർത്തലാക്കിയ നടപടി

36 (2749) ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിൽ ഒരു അഡീഷണൽ ഡയറക്ടറുടെ തസ്തിക ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) തസ്തിക നിറുത്തൽ ചെയ്യുന്നതുമൂലം ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യത കുറയുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത തസ്തിക പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 21-2-1995 ജി.ഒ. (ആർ.റ്റി) 759/95/ധന ഉത്തരവിലൂടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് വകുപ്പിൽ ഏറ്റവും സീനിയർ ജോയിന്റ് എക്സാമിനറായ ശ്രീ.എൻ. ചന്ദ്രനാഥനെ ഡയറക്ടർ തസ്തികയിൽ നിയമിക്കാതെ ആ തസ്തിക നിർത്തലാക്കിക്കൊണ്ട് അഡീഷണൽ ഡയറക്ടർ ആയി നിയമിക്കുകയുണ്ടായി. പിന്നീട് 3-9-1996 ൽ 3946/96/ധന. ഉത്തരവിലൂടെ ശ്രീ. ചന്ദ്രനാഥനെ ഡയറക്ടർ ആക്കി നിയമിച്ചപ്പോൾ അദ്ദേഹം വഹിച്ചിരുന്ന അഡീഷണൽ ഡയറക്ടർ തസ്തിക ഇല്ലാതാവുകയാണുണ്ടായത്.

(ബി) 15-1-1996-ൽ നിലവിൽവന്ന 1994-ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിൽ അഡീഷണൽ ഡയറക്ടർ തസ്തികയുടെ കാര്യം സൂചിപ്പിച്ചിട്ടില്ല. ടി ആക്ടിന്റെ 3 (4) (1) (എ) വകുപ്പനുസരിച്ച് 3-9-1996-ൽ ഡയറക്ടറെ നിയമിച്ചതു കൊണ്ടാണ് ഡയറക്ടറുടെ ചുമതലകൾ ചെയ്യുന്നതിന് അനുവദിച്ചിരുന്ന അഡീഷണൽ ഡയറക്ടർ തസ്തിക നിറുത്തലാക്കിയിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം 'സി' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റിന്മേലുള്ള കൺസോളിഡേറ്റഡ് റിപ്പോർട്ട്

37 (2750) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം എന്നാണ് നിലവിൽ വന്നത് ;

(ബി) പ്രസ്തുത നിയമം നിലവിൽ വന്നശേഷം അതനുസരിച്ച് ഓരോ വർഷത്തേയും ആഡിറ്റിന്മേലുള്ള കൺസോളിഡേറ്റഡ് റിപ്പോർട്ട് എന്നെല്ലാമാണ് ഗവൺമെന്റിന് സമർപ്പിക്കേണ്ടിയിരുന്നത് ;

(സി) പ്രസ്തുത റിപ്പോർട്ട് എന്നെല്ലാമാണ് ഗവൺമെന്റിന് സമർപ്പിച്ചത് ;

(ഡി) ഈ ഓരോ റിപ്പോർട്ടിലും ഏതെല്ലാം സാമ്പത്തിക വർഷത്തെ ആഡിറ്റിനെപ്പറ്റിയാണ് പരാമർശിക്കുന്നത് ;

(ഇ) ഗവൺമെന്റിന് ലഭിക്കുന്ന ഇത്തരം റിപ്പോർട്ടുകൾ ഏത് തീയതിയ്ക്കു മുമ്പാണ് നിയമസഭാ മുൻപാകെ വയ്ക്കേണ്ടത്;

(എഫ്) പ്രസ്തുത ആക്ട് നിലവിൽ വന്നശേഷം ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടർ സമർപ്പിച്ച ഏതെല്ലാം റിപ്പോർട്ടുകൾ എന്നെല്ലാം സഭയിൽ സമർപ്പിച്ചു ;

(ജി &എച്ച്) അവ സഭ മുൻപാകെ വയ്ക്കാത്തപക്ഷം അതിനുള്ള കാരണമെന്ത് ; അവ എന്നേയ്ക്ക് സഭ മുൻപാകെ വയ്ക്കുമെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly